നം. ഇ.എസ്5- 78697/2020/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 05/10/2020

# സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പിൽ 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്-

സൂചന : 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

ആരോഗ്യ വകുപ്പിലെ 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രഫോർമ – A ൽ സ്ഥാപന മേധാവി ജീവനക്കാരന്റെ സേവനപുസ്തകവുമായി ഒത്തുനോക്കി വിവരങ്ങൾ രേഖപ്പെടുത്തി ശരിയാണെന്ന സർട്ടിഫിക്കറ്റോടുകൂടി 17.11.2020 ന് മുൻപായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ എത്തിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ ജില്ലയിലെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള എക്സൽ ഷീറ്റിൽ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമ – A ലെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. വിവരങ്ങൾ ഉൾപ്പെടുത്തിയ എക്സൽ ഫോർമാറ്റ് ഇ-മെയിൽ (essectiondhs@gmail.com) വഴി ഈ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പ്രൊഫോർമ – A ഉം നിർദ്ദിഷ്ട മാതൃകയിലുള്ള പൂരിപ്പിച്ച എക്സൽ ഫോർമാറ്റിന്റെ ശരി പകർപ്പും 27.11.2020 ന് മുൻപായി തപാൽ മുഖേന ഈ ആഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

1. സ്ഥാപന മേധാവികൾ 01.01.2017 മുതൽ 31.12.2019 കാലയളവിൽ പി. എസ്. സി മുഖാന്തിരമോ ആശ്രിത നിയമന പ്രകാരമോ, ജോലി ലഭിച്ച ജീവനക്കാരും IDT പ്രകാരം ആരെങ്കിലും ഈ കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, ലഭിച്ച പ്രൊഫോർമയോടൊപ്പം ടി സ്ഥാപനത്തിൽ നിന്ന് ഇനി ആരെയും ടി കാലയളവിലെ ലിസ്റ്റിൽ ഉൾപ്പെടുത്താനില്ല എന്ന വിവരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കുള്ള ആമുഖ കത്തിൽ വ്യക്തമാക്കേണ്ടതുമാണ്. നിർദ്ദിഷ്ട മാതൃകയിലല്ലാതെ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
2. സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രൊഫോർമകൾ നിർദ്ദിഷ്ട തീയതിക്കുള്ളിൽ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയയ്ക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.
3. മേൽ കാലയളവിൽ നിയമനം ലഭിച്ച എല്ലാ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരും പ്രൊഫോർമ കൃത്യസമയത്ത് തന്നെ പൂരിപ്പിച്ച് അതാത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്..
4. ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകിയ നിയമന ഉത്തരവുകളുടെ പൂർണ്ണമായ കോപ്പി പ്രൊഫോർമയോടൊപ്പം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5. സീനിയോറിറ്റി ലിസ്റ്റിൽ ചേർക്കാനുള്ള അപേക്ഷ ലിസ്റ്റ് അന്തിമമാക്കുന്നതിനു മുൻപ് നൽകാത്ത ജീവനക്കാർക്ക് KS &SSR ചട്ടം 27 B ബാധകമായിരിക്കും.

(ഒപ്പ്)

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

(ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ എല്ലാ കീഴ്സ്ഥാപനങ്ങൾക്കും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്ന വിവരം ഇ-മെയിൽ വഴി അറിയിക്കേണ്ടതും, സർക്കുലർ പ്രസിദ്ധപ്പെടുത്തിയ വിവരം സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.)